# മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ

## പത്തനംതിട്ട

# അക്ഷരധ്വനി 2023





വാർത്താ മാസിക 2023

## നവതിയുടെ നിറവിൽ ഈ വിദ്യാലയം...

### ഹെഡ്മിസ്ട്രസ്സിൽനിന്നും...



കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട്, മൂല്യവത്തായ വിദ്യാഭ്യാസം തലമുറകൾക്കേകുന്നതിൽ എന്നും പ്രതിജ്ഞാബദ്ധമായി നിലകൊള്ളുന്ന പത്തനംതിട്ട മാർത്തോമ്മാ ഹയർസെക്കണ്ടറിസ്കൂൾ അതിന്റെ പ്രവർത്തന പന്ഥാവിൽ നവതിയുടെ നിറവിൽ എത്തി നിൽക്കുന്നു. ഇതുവരെ ഈ സ്കൂളിനെ നയിച്ച എല്ലാ മഹത് വ്യക്തികളും പ്രാവർത്തികമാക്കിയ എല്ലാ മഹത്തരമായ ആശയങ്ങളും സ്വാംശീകരിച്ച് അതിൽ നിന്നും അണുവിട വ്യതിചലിക്കാതെ എന്നാൽ ആധുനിക പ്രവണതകൾ ഉൾക്കൊണ്ടു തന്നെ ഈ സ്കൂളിനെ ഇന്നും എന്നും മുന്നോട്ടു നയിക്കുന്ന ഒരു കൂട്ടം സ്റ്റാഫ് ആണ് ഈ വിദ്യാലത്തിന്റെ ഏറ്റവും വലിയ മുതൽക്കൂട്ട്. ആ വിശ്വാസത്തിന്റെ ആർജ്ജവത്തിൽനിന്നും ഉളവായ ആത്മവിശ്വാസത്തോടെ പ്രഥമാധ്യാപിക എന്ന നിലയിൽ ഞാൻ നിസ്സംശയം പ്രസ്താവിച്ചുകൊള്ളട്ടെ:- 'കുട്ടികളെ അവരുടെ ജീവിത പന്ഥാവിൽ മുന്നേറുവാനുള്ള എല്ലാ കഴിവുകളുടെയും ഒരു കലവറയാക്കി മാറ്റിയാണ് സമൂഹത്തിന് സംഭാവന നൽകുന്നത്.'

90 വർഷങ്ങൾ പിന്നിട്ട പത്തനംതിട്ട, മാർത്തോമ്മ ഹയർ സെക്കണ്ടറി സ്കൂൾ സനാതന മൂല്യങ്ങളിൽ അധിഷ്ഠിതവും, മനുഷ്യ സാഹോദര്യത്തിൽ അടിയുറച്ചതുമായ ഒരു മാനവ സംസ്കൃതിയുടെ ഉയർത്തെഴുന്നേല്പിന് ഇന്നുമെന്നും ചുക്കാൻ പിടിച്ചുകൊണ്ട് അതിന്റെ ജൈത്രയാത്ര തുടരുന്നു. എല്ലാ വിദ്യാർത്ഥികളും മികച്ച വിശ്വമാനവനായിത്തീരുന്നതിന് ജഗദീശ്വര കൃപ അനവരതം ഈ വിദ്യാലയത്തിനുമേൽ വർഷിക്കട്ടെ. ഈ മഹത് വിദ്യാലയം നാൾക്കുനാൾ അഭിവൃദ്ധി പ്രാപിക്കട്ടെ എന്ന പ്രാർത്ഥനയോടും, എല്ലാവിധ മംഗളാംശംസകളും അർപ്പിച്ചുകൊണ്ട്...

**സുമ ഏബ്രഹാം**
**ഹെഡ്മിസ്ട്രസ്സ്**



## മികവിന്റെ പടവുകൾ താണ്ടി വിജയവീഥിയിൽ...

- സംസ്ഥാന സ്കൂൾ കലോത്സവത്തിൽ നാടൻപാട്ട് A ഗ്രേഡ് (HS & HSS വിഭാഗം), കോൽകളി A ഗ്രേഡ് (HS വിഭാഗം), ഇംഗ്ലീഷ് കവിതാ രചന B ഗ്രേഡ് (HS വിഭാഗം)
- കായിക മേളയിൽ സബ്ബ്ജില്ലാ തലം ഒന്നാം സ്ഥാനവും ജില്ലാ തലം രണ്ടാം സ്ഥാനവും
- സംസ്ഥാന കായികമേളയിലും സോണൽ ഗെയിംസിലും പങ്കാളിത്തം.
- കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് നൽകുന്ന ഇൻസ്പയർ അവാർഡ് എല്ലാ വർഷങ്ങളിലും ലഭിക്കുന്നതുപോലെ ഈ വർഷവും രണ്ട് കുട്ടികൾക്ക്.
- സ്കൗട്ട് & ഗൈഡ്സിൽ 9 വിദ്യാർത്ഥിനികൾക്ക് രാജ്യപുരസ്കാർ പരീക്ഷയിൽ വിജയം.
- NCC ദേശീയ ക്യാമ്പിൽ കേഡറ്റുകളുടെ പങ്കാളിത്തം.
- തുടർച്ചയായി നിരവധി കുട്ടികൾക്ക് USS വിജയം.
- കേരള സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ ബുക്ക് ബൈൻഡിങ്ങ്, മാത്സ് പസിൾ, സ്റ്റിൽ മോഡൽ, വെബ് ഡിസൈനിങ് എന്നിവയ്ക്ക് A ഗ്രേഡ്
- മനോരമ നല്ലപാഠം ഉപന്യാസ മത്സരത്തിൽ ജില്ലാ തലം ഒന്നാം സ്ഥാനം.
- സംസ്ഥാനതല CV രാമൻ ഉപന്യാസ രചനാ മത്സരത്തിൽ ഒന്നാം സ്ഥാനം.
- ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച Universal Postal Union International Letter Writing മത്സരത്തിൽ മൂന്നാം സ്ഥാനം
- വിമുക്തി മിഷൻ – ഷോർട്ട് ഫിലിം – സ്പെഷ്യൽ ജൂറി പുരസ്കാരം
- STEPS ജില്ലാതലം ഒന്നാം സ്ഥാനം
- സംസ്ഥാന ശിശുക്ഷേമ സമിതി ഉപന്യാസം, സംസ്ഥാന തലം രണ്ടാം സ്ഥാനം
- പി.എൻ. പണിക്കർ ഫൗണ്ടേഷൻ ക്വിസ് മത്സരം സംസ്ഥാന തലം ഒന്നാം സ്ഥാനം
- കേരള പ്രദേശ് ബാലജന ഗാന്ധി ദർശൻ – ചിത്രരചന ജില്ലാതലം ഒന്നാം സ്ഥാനം
- SSLC പരീക്ഷയിൽ കൂടുതൽ കുട്ടികളെ പരീക്ഷയ്ക്കിരുത്തി തുടർച്ചയായി 100% വിജയം.
- സബ്ജില്ലാ കലോത്സവ – കായിക മേളയിൽ ഓവർഓൾ ചാമ്പ്യൻസ്


NCC

## വിവിധ യൂണിറ്റുകൾ















OUR STAFF (HS)



## സംസ്ഥാന കലോത്സവം A ഗ്രേഡ് ജേതാക്കൾ










## ജില്ലാ ഉപജില്ലാ കായിക ജേതാക്കൾ




Sheethal Ann Sivi
State Level CV Raman Essay Competition A Grade


Ryan Ninan Siby
STEPS ജില്ലാതലം ഒന്നാം സ്ഥാനം


Diya Anna Jinu
ശിശുക്ഷേമ സമിതി ഉപന്യാസം സംസ്ഥാനതലം രണ്ടാം സ്ഥാനം




Abhishek S
Abhinav S Raj
പി.എൻ.പണിക്കർ ഫൗണ്ടേഷൻ ക്വിസ് മത്സരം സംസ്ഥാനതലം ഒന്നാം സ്ഥാനം









## എന്റെ മാർത്തോമ്മാ സ്കൂൾ എന്റെ അഭിമാനം



ഒരു വ്യക്തിയുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വിദ്യാഭ്യാസം പ്രധാന പങ്കു വഹിക്കുന്നു. വിദ്യാർത്ഥി എന്ന നിലയിൽ കേവലം പാഠങ്ങൾ വായിച്ച് നല്ല മാർക്ക് നേടുന്നതോടൊപ്പം അഭിപ്രായങ്ങൾ കെട്ടിപ്പടുക്കുവാനും ജീവിതത്തിലെ വ്യത്യസ്ത കാര്യങ്ങളിൽ സ്വന്തം വീക്ഷണം പുലർത്തുവാനും വിദ്യാഭ്യാസം സഹായകരമാകുന്നു.

കഴിഞ്ഞ 9 ദശാബ്ദങ്ങളായി സമൂഹത്തിന്റെ നാനാ തുറകളിൽ പ്രവർത്തിക്കുന്ന മികച്ച പൗരന്മാരെ വാർത്തെടുത്ത വിദ്യാലയമാണ് പത്തനംതിട്ട മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ. കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞു എന്നതാണ് ഈ വിദ്യാലയത്തിന്റെ പ്രസക്തി. അത് നഷ്ടപ്പെടാതെ ഇന്നും മികവോടെ നിലകൊള്ളുന്നു.

അഭിരുചിക്കനുസരിച്ച് വിദ്യാർത്ഥികളെ കലാ-കായിക-ശാസ്ത്ര മേഖലകളിലുൾപ്പടെയുള്ള പാഠ്യേതര വിഷയങ്ങളിലും പ്രോത്സാഹിപ്പിക്കുന്നു. പൂർണ്ണമായും ലഹരി വിമുക്ത സ്ഥലമാണ് സ്കൂളും പരിസര പ്രദേശങ്ങളും. കുട്ടികളുടെ വ്യക്തിത്വ വികാസത്തിനുതകുന്ന ക്ലാസുകൾ, കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള കൗൺസിലിംഗ്, ലൈബ്രറി, സൗഹാർദ്ദപരമായ സ്കൂൾ അന്തരീക്ഷം, വാഹന സൗകര്യം, സ്വന്തം കുഞ്ഞുങ്ങളെപ്പോലെ സ്നേഹത്തോടെ കരുതുന്ന അധ്യാപകർ, സ്കൂളിന്റെ മികവിനായ ഒത്തൊരുമിച്ച് അക്ഷീണം പ്രവർത്തിക്കുന്ന മാതാപിതാക്കൾ, പൂർവവിദ്യാർഥികൾ... ഈ വിദ്യാലയത്തെ മികച്ചതാക്കുവാൻ ഈ ഘടകങ്ങളൊക്കെ മുതൽകൂട്ടാകുന്നു.

ഈ വിദ്യാലയത്തിലെ പൂർവ വിദ്യാർഥിയാണ് എന്ന് പറയുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

**Sam Joykutty**
PTA President

## 2023 –'24 അദ്ധ്യയന വർഷത്തേക്കുള്ള

## അഡ്മിഷൻ തുടരുന്നു.

ഇംഗ്ലീഷ് / മലയാളം മീഡിയം

5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലേക്ക്

കൂടുതൽ വിവരങ്ങൾക്ക്

0468-2222395, 944657895, 9847187405, 8547569234



## സ്കൂൾ ബസ്

താഴെപ്പറയുന്ന സ്ഥലങ്ങളിലേക്ക് സ്കൂൾ ബസ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| കടമ്മനിട്ട | തോന്ന്യാമല | കൊടുംതറ |
| ഇലന്തൂർ | മൈലപ്ര | വാഴമുട്ടം |
| ഇലവുംതിട്ട | കുമ്പളാംപൊയ്ക | പ്രമാടം |
| പ്രക്കാനം | വടശ്ശേരിക്കര | പുത്തൻപീടിക |
| നന്നുവക്കാട് | കല്ലറക്കടവ് | മാടമൺ |
| വാര്യാപുരം | കുമ്പഴ | ചീങ്കൽത്തടം |
| പരിയാരം | മലയാലപ്പുഴ | കാറ്റാടി |
| പൂക്കോട് | മേക്കൊഴൂർ | പുതുക്കുളം |

കൂടുതൽ വിവരങ്ങൾക്ക് : 9447861272

## എന്റെ മാർത്തോമ്മാ സ്കൂൾ എന്റെ സ്വന്തം



ആറാം ക്ലാസ് മുതൽ മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ കുടുംബാംഗമാണ് ഞാൻ. മാർത്തോമ്മാ ഹയർ സെക്കൻഡറി സ്കൂൾ എനിക്ക് അനുഗ്രഹമായിരുന്നു. എന്നെ ഞാനാക്കി മാറ്റിയത് ഈ കലാലയമാണ്. അവസരങ്ങളുടെ ഒരു വർണ്ണകുട നിവൃത്തി എന്നും എന്നിലെ സർഗ്ഗശേഷിയെ വളർത്തുവാൻ വളരെയധികം സഹായിച്ചിട്ടുണ്ട് ഏവരും. ജീവിതത്തെ നേരിടുവാനുള്ള എല്ലാ പാഠങ്ങളും ഞാൻ ഇവിടെ നിന്ന് പഠിച്ചിട്ടുണ്ട്. അതിന് എന്റെ സുഹൃത്തുക്കളും ഏറെ സഹായിച്ചിട്ടുണ്ട്. ശക്തമായി പ്രതികരിക്കുവാൻ ലക്ഷ്യം കാണുവാൻ ആഗ്രഹിക്കുവാൻ തോൽവികൾ ഏറ്റു വാങ്ങുവാൻ പരിഹാസങ്ങളെ മറികടക്കുവാൻ നമ്മളിൽ വിശ്വസിക്കുവാൻ തുടങ്ങി അനേകം പാഠങ്ങൾ പാഠപുസ്തകത്തിന് പുറമേ എന്നെ പഠിപ്പിച്ച എന്റെ ഗുരുനാഥനാണ് എന്റെ വിദ്യാലയം. കലോത്സവങ്ങൾ കായിക മേളകൾ പഠനമേന്മ തുടങ്ങി എല്ലാ നിലകളിലും ഒരു പൊൻതാരകം പോലെ എന്റെ വിദ്യാലയം തിളങ്ങുന്നു. ഇണങ്ങിയും പിണങ്ങിയും കളിച്ചും രസിച്ചും നടന്ന ഈ വിദ്യാലയ മുറ്റം അത്രയും പ്രിയപ്പെട്ടതാണ്. ഞങ്ങൾ ഓരോ വിദ്യാർത്ഥികളെയും നന്നായി മനസ്സിലാക്കിയ ഞങ്ങളുടെ ഒരു ചെറിയ മാറ്റങ്ങളെ പോലും തിരിച്ചറിയുവാൻ കഴിയുന്ന വിദ്യാർഥികളോട് വളരെയധികം അടുത്തു നിൽക്കുന്ന സ്നേഹ നിധികളായ ഞങ്ങടെ അധ്യാപകർ ഞങ്ങൾ ജീവിതത്തിൽ സ്വരുക്കൂട്ടിയതിൽ ഏറ്റവും വലിയ നിധികളാണ്. ഈ വിദ്യാലയവും സൗഹൃദ വലയവും പകർന്നു തന്ന വെളിച്ചം നഷ്ടപ്പെടാതെ ജീവിതത്തിലുടനീളം കാത്തുസൂക്ഷിക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**Yemy Acca John**
**Std X**

## പാഠ്യാനുബന്ധ കാഴ്ചകളിലൂടെ




## Why Our School ?

1932 ജൂൺ 14 ന് മാർത്തോമ്മാ മലയാളം മീഡിയം സ്കൂൾ എന്ന നാമധേയത്തിൽ ആരംഭിച്ച ഗേൾസ് സ്കൂൾ ആണ് ഇന്ന് പത്തനംതിട്ട മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ ആയി അറിയപ്പെടുന്നത്. മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അധികാരത്തിലുള്ള ഈ സ്കൂൾ 1950-ൽ ഹൈസ്കൂൾ ആയും 2000-ത്തിൽ ഹയർ സെക്കണ്ടറിയായും ഉയർത്തപ്പെട്ടു. കാലഘട്ടത്തിനനുയോജ്യമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ വിദ്യാലയം അനുസ്യൂതം മുന്നോട്ട് പോകുന്നു.

### ഞങ്ങളുടെ പ്രത്യേകതകൾ

- മൂല്യാധിഷ്ഠിത വിദ്യാഭ്യാസം
- സമർപ്പിതരായ അധ്യാപകർ
- പരീക്ഷണ നിരീക്ഷണങ്ങളിലൂടെയുള്ള പഠനം. മികച്ച IT, സയൻസ് ലാബ്.
- 2500 ലധികം പുസ്തകങ്ങൾ ഉള്ള ലൈബ്രറി & റീഡിംഗ് റൂം.
- എല്ലാ റൂട്ടിലേക്കും വാഹനസൗകര്യം.
- ഹൈടെക് ക്ലാസ് മുറികൾ
- ഭാഷാ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.
- Term Evaluation & PTA Meeting
- കരാട്ടെ ക്ലാസുകൾ
- മികച്ച കായിക പരിശീലനം.
- ശാസ്ത്രം, IT, കലാ, കായിക മേഖലകളിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനുള്ള പരിശീലനം.
- കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്ക്കരണ ക്ലാസുകൾ.
- വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി വിദഗ്ധർ നയിക്കുന്ന സെമിനാറുകൾ
- ECO Friendly സ്കൂൾ ക്യാമ്പസ്
- ശക്തമായ PTA, LAC
- NCC, NSS, SPC, JRC, Scout & Guides, Little KITEs, നല്ലപാഠം, തുടങ്ങിയ വിവിധ യൂണിറ്റുകൾ
- വിഷയാധിഷ്ഠിത ക്ലാസുകൾ, പഠനയാത്രകൾ നേതൃത്വപാടവത്തിനും വ്യക്തിത്വ വികസനത്തിനും ഉതകുന്ന ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ (ശാസ്ത്രക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ഗണിത ക്ലബ്ബ്, സുരക്ഷാ ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, സോഷ്യൽ സർവ്വീസ് ലീഗ്, ഹലോ ഇംഗ്ലീഷ്, നേച്ചർ ക്ലബ്ബ്, സ്പോർട്സ് ക്ലബ്ബ്, etc....)
- സ്കൂളും പരിസരവും CCTV നിരീക്ഷണത്തിൽ

## പാഠ്യാനുബന്ധ കാഴ്ചകളിലൂടെ





Jomon Mannil
+91 9447361245
Best Compliments...
MANNIL Fried Chicken
MANNIL RESTAURANT
Veg & Non Veg
+91 9605170507
+91 8301020507
Opp. Muthoot Hospital, College Road, Kozhencherry & TK Road, Elanthoor

Best Compliments...
RAJAN Textiles
Central Junction, Pathanamthitta, Pin: 689 645

OXFORD പത്തനംതിട്ട | ഓമല്ലൂർ
PH : 9061717948, 9744040048
TUITION FOR I-X +1,+2
(STATE , CBSE ICSE, KV)
ADMISSION STARTED 2023 - 24

Printed and Published by Headmistress, MTHSS, PTA | for private circulation only. Chief Editor: Reji Chacko